**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 861** **30-06-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ ക്ഷേമ വകുപ്പിന്റെ ഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ടിന്റെ പകുതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രവണത പുന:പരിശോധിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഫണ്ട് നൽകുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 20.05.2022 ലെ സ.ഉ(കൈ)നം.24/2022/ പജപവവിവ ഉത്തരവ് പ്രകാരം നിയോജക മണ്ഡലം അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ നടപ്പാക്കുന്ന ക്ഷേമ വികസന പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവെക്കുന്ന തുക പരിപൂർണമായും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെയാണ് വിനിയോഗിക്കുന്നത്. |
| (ബി) | അമ്പത് ശതമാനം ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത് മൂലം യഥാസമയം ചെലവഴിക്കാതെയും ഇടനിലക്കാരുടെ സാന്നിധ്യവും കാരണം പാഴായി പോകുന്ന സാഹചര്യമുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 20.05.2022 ലെ സ.ഉ(കൈ)നം.24/2022/ പജപവവിവ ഉത്തരവ് പ്രകാരം നിയോജക മണ്ഡലം അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ നടപ്പാക്കുന്ന ക്ഷേമ വികസന പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവെക്കുന്ന തുക പരിപൂർണമായും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെയാണ് വിനിയോഗിക്കുന്നത്. |
| (സി) | എങ്കിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവെക്കുന്ന തുക പരിപൂർണമായും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 20.05.2022 ലെ സ.ഉ(കൈ)നം.24/2022/ പജപവവിവ ഉത്തരവ് പ്രകാരം നിയോജക മണ്ഡലം അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ നടപ്പാക്കുന്ന ക്ഷേമ വികസന പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിറ്ററിംഗ് സമിതികൾ |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവെക്കുന്ന തുക പരിപൂർണമായും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെയാണ് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ